പതിമൂന്നാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1197 — 08.02.2013ൽ മറുപടിയ്ക്ക്

മലയാളം സർവ്വകലാശാലയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഗീതാ ഗോപി | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ | മലയാളം സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ ; | എ | 01.01.2013 ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.1/2013/ഉ.വി.വ പ്രകാരം മലയാള സർവ്വകലാശാല ജനറൽ കൗൺസിൽ / നിർവാഹക സമിതി എക്സ് ഒഫീഷ്യോ അംഗങ്ങളെ നാമനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 11.01.2013 ന് ചേർന്ന പ്രഥമ നിർവ്വാഹക സമിതി യോഗം നടക്കുകയുണ്ടായി. |
| ബി | സർവ്വകലാശാലയുടെ കാര്യനിർവ്വഹണവും വിദ്യാഭ്യാസ പദ്ധതികളും എന്നാരംഭിക്കുവാൻ സാധിക്കും ; വിശദാംശം അറിയിക്കുമോ ; | ബി | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ 2013-14 അധ്യയനവർഷം മുതൽ അഞ്ച് ബിരുദാനന്തരബിരുദ കോഴ്സുകൾ ആരംഭിക്കണമെന്ന നിർദ്ദേശം 11.01.2013 ന് ചേർന്ന പ്രഥമ നിർവ്വാഹക സമിതി യോഗം അംഗീകരിക്കുകയുണ്ടായി. |
| സി | പാഠ്യപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; | സി | ഉണ്ട് |

| | | | |
|---|---|---|---|
| ഡി | വിവിധവിഷയങ്ങളിലുള്ള കോഴ്സുകളും ക്ലാസ്സുകളും എന്നാരംഭിക്കുവാൻ സാധിക്കും ; വിശദമാക്കുമോ ? | ഡി | എം.എ മലയാള ഭാഷാശ്സ്ത്രപഠനം എം.എ മലയാള സാഹിത്യം എം.എ സാഹിത്യരചന എം.എ കേരള സാംസ്കാരികപൈതൃകപഠനം എം.എ മാധ്യമപഠനം എന്നീ കോഴ്സുകളാണ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ജൂലായ് മാസത്തിൽ ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ